പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1984 14.07.2011- ലെ മറുപടി

പുനലൂർ ഡിപ്പോയിൽ നിന്നുള്ള ചെയിൻ സർവ്വീസുകൾ

ചോദ്യം ഉത്തരം

ശ്രീ. രാജു എബ്രഹാം

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുനലൂർ-മുണ്ടക്കയം, പുനലൂർ-പൊൻകുന്നം, പുനലൂർ-കാഞ്ഞിരപ്പള്ളി എന്നീ ചെയിൻ സർവ്വീസുകൾക്കായി ഏതൊക്കെ ഗാരേജുകളിൽ നിന്ന് എത്ര വീതം ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്നും ഓരോ ഡിപ്പോയിൽ നിന്നുമുള്ള ബസ്സുകളുടെ സമയവും വ്യക്തമാക്കുമോ; | (എ) | പുനലൂർ യൂണിറ്റിൽ നിന്നും മുണ്ടക്കയം റൂട്ടിലേക്ക് രണ്ട് ചെയിൻ സർവ്വീസും (സമയ വിവരം 05.40, 06.20), കാഞ്ഞിരപ്പള്ളി റൂട്ടിലേക്ക് അഞ്ച് ചെയിൻ സർവ്വീസും (06.00, 06,40, 07.20,08.00, 08.40), പൊൻകുന്നത്ത് നിന്നും പുനലൂർ പോയിട്ട് മുണ്ടക്കയം, കാഞ്ഞിരപ്പള്ളി റൂട്ടിൽ ഏഴ് ചെയിൻ സർവ്വീസുകളും (05.30, 05.50, 06.10, 06.30, 07.10, 07.50, 08.30), പത്തനംതിട്ട യൂണിറ്റിൽ നിന്നും ആരംഭിച്ച് പുനലൂർ, മുണ്ടക്കയം റൂട്ടിൽ ആറ് ചെയിൻ സർവ്വീസുകളും (05.00, 05.20, 05.40, 06.00, 06.20,06.40) നടത്തുന്നുണ്ട്. |
| (ബി) | മേയ് 15 മുതൽ ജൂൺ 15 വരെ ഓരോ ഡിപ്പോയിൽ നിന്നും ഈ റൂട്ടുകളിൽ നടത്തിയ സർവ്വീസിന്റെ വിശദാംശം ലഭ്യമാക്കുമോ; ഈ റൂട്ടിൽ എത്ര ബസ്സുകൾ ബ്രേക്ക്ഡൗൺ ആയെന്നും പ്രസ്തുത കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഡിപ്പോ തിരിച്ച് വ്യക്തമാക്കുമോ; | (ബി) | മെയ് 15 മുതൽ ജൂൺ 15 വരെയുള്ള കാലയളവിൽ ഹർത്താലിനോടനുബന്ധിച്ച് ഒരു ദിവസം പ്രസ്തുത സർവ്വീസുകൾ റദ്ദാക്കേണ്ടി വന്നിട്ടുണ്ട്. പുറമെ, ബസ്സിന്റെയും, ജീവനക്കാരുടെയും കുറവ് മൂലം ചില ദിവസങ്ങളിൽ ചില ഡ്യൂട്ടികൾ ക്യാൻസൽ ചെയ്യേണ്ട സാഹചര്യം |

| | | | |
|---|---|---|---|
| | | | ഉണ്ടായിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 20 ബസ്സുകൾ ബ്രേക്ക്ഡൗൺ ചെയ്തിട്ടുണ്ട്. അവ യൂണിറ്റ് തിരിച്ച് താഴെ കൊടുക്കുന്നു.<br>പൊൻകുന്നം - 8<br>പത്തനംതിട്ട - 6<br>പുനലൂർ - 6 |
| (സി) | മല്ലപ്പള്ളി-റാന്നി, കോട്ടയം-മണിമല-റാന്നി, ആങ്ങമൂഴി-പത്തനംതിട്ട എന്നീ റൂട്ടുകളിലെ ചെയിൻ സർവ്വീസ് നടത്താനായി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഇത് നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വികരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | കോട്ടയം-മണിമല-റാന്നി ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിലേക്കായി പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. മല്ലപ്പള്ളി-ചങ്ങനാശ്ശേരി-റാന്നി, ആങ്ങമൂഴി-പത്തനംതിട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസ് തുടങ്ങുന്നതിലേക്കായി ലഭിച്ച നിവേദനത്തിൻമേൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്.<br><br>ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ